## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6625

21.11.2019 ൽ മറുപടിക്ക്

### മത്സ്യമേഖലയുടെ പ്രാധാന്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | തീരദേശ ജനങ്ങൾക്ക് തൊഴിലും ജീവനോപാധിയും നൽകുന്ന മത്സ്യമേഖലയുടെ പ്രാധാന്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ നിലവിലെ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതി<br>3. വിദ്യാഭ്യാസ ആനുകൂല്യം<br>4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.<br>5 സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>6. ഓഖി പുനരധിവാസ പദ്ധതികൾ<br>7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ<br>8. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ<br>9. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.<br>10. കേരള സംസ്ഥാന തീരദേശ വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ |
| (സി) | എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ശുദ്ധജലം, ശുചിത്വമുള്ള കക്കൂസ്, മാലിന്യസംസ്കരണ സംവിധാനം എന്നീ പ്രാഥമിക സംവിധാനങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ? | (സി) | തീരദേശ വികസന കോർപ്പറേഷൻ മുഖേന 2007-08 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 88.69 കോടി രൂപയുടെ 108 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതി പ്രകാരം 2015-16 ൽ കോട്ടയം ജില്ലയിലെ വൈക്കം മത്സ്യഗ്രാമത്തിൽ 13.88 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയും 2018-19 ൽ കോഴിക്കോട് ജില്ലയിലെ ചോമ്പാൽ മുതൽ പൂഴിതല വരെ തീരദേശ മേഖലയിൽ 15.00 ലക്ഷം രൂപയുടെയും കണ്ണൂർ ജില്ലയിലെ മാട്ടൂൽ മടക്കര മുനമ്പ് കോളനിയിൽ 16.50 ലക്ഷം രൂപയുടെയും കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിട്ടി മുഖേന നടപ്പാക്കിയിട്ടുണ്ട്. 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ തീരദേശ സാമൂഹിക അടിസ്ഥാന സൗകര്യ വികസനം , 13- ാം ധനകാര്യ കമ്മീഷൻ, സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14,644 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി 806 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20,000/- രൂപ വീതം ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്. (2012-13), (2013-14), (2014-15) എന്നീ വർഷങ്ങളിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 203.26 ലക്ഷം രൂപ ചെലവിട്ട് 23 പബ്ലിക് ടോയ്‌ലെറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾ |

| | | | |
|---|---|---|---|
| | | | പ്പെടുത്തി 1700 എണ്ണം വ്യക്തിഗത സാനിറ്ററി ടോയ് ലറ്റുകൾ അനുവദിച്ചിട്ടുണ്ട്. 20000 രൂപ വീതം ധനസഹായവും ലഭ്യമാക്കി. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ്) ക്യാമ്പയിൻ പ്രകാരം വ്യ ക്തിഗത ടോയ്ലെറ്റ് നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ട 3,777 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് 10,000/-രൂപ വീതം അധിക ധനസഹായം നൽ കിയിട്ടുണ്ട്.<br><br>തീരദേശ വികസന കോർപ്പറേഷൻ മുഖേന മാലിന്യ സംസ്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 വർഷത്തിൽ കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യഗ്രാമത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി 20 ലക്ഷം രൂപയിൽ എയ്റോബിക് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കടലിൽ അടിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യത്തൊഴിലാളികൾ മുഖേന കരയിൽ എത്തിച്ച് അവ ഷ്രെഡ്സ് ചെയ്ത് റോഡ് നിർമ്മിക്കുന്ന 'ശുചിത്വ സാഗരം' പദ്ധതിയുടെ നോഡൽ ഏജൻസിയായും തീരദേശ വികസന കോർപ്പറേഷനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിനകം ഏകദേശം 52000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ തീരപ്രദേശത്തെ ബീച്ചുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 'Surf rake' എന്ന നൂതന ഉപകരണം petronet LNG യുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിലെ ബീച്ചിൽ പ്രയോഗിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**